പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **5358**

05.07.2012 ൽ മറുപടിക്ക്

## ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡിലെ താല്ക്കാലിക സ്കിൽഡ് വർക്കേഴ്സിനെ സ്ഥിരപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ചേർത്തല ആട്ടോകാസ്റ്റ് ലിമിറ്റഡിൽ സ്കിൽഡ് വർക്കേഴ്സ് എന്ന നിലയിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന എത്ര തൊഴിലാളികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; കഴിഞ്ഞ പത്ത് വർഷമായി ജോലി ചെയ്തു വരുന്ന ഈ തൊഴിലാളികളെ പിരിച്ചു വിടാൻ നോട്ടീസ് നൽകിയിട്ടുണ്ടോ; നോട്ടീസ് നൽകിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ചട്ടപ്രകാരം 177 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. കഴിഞ്ഞ പത്ത് വർഷമായി തുടർച്ചയായി ജോലി ചെയ്ത് വരുന്ന താല്ക്കാലിക തൊഴിലാളികൾ ആരും തന്നെയില്ല. താല്ക്കാലിക ജീവനക്കാരെ പിരിച്ചുവിടാൻ നോട്ടീസ് നൽകിയിട്ടില്ല. |
| (ബി) മേൽപ്പറഞ്ഞ തൊഴിലാളികളെ പിരിച്ചുവിട്ട് പുതിയ ആളുകളെ നിയമിക്കുന്നതിന് വെബ് സൈറ്റിലോ, മറ്റ് മാധ്യമങ്ങളിലോ പരസ്യം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) മേല്പറഞ്ഞ തൊഴിലാളികളെ പിരിച്ചുവിട്ട് പുതിയ ആളുകളെ നിയമിക്കുന്നതിന് പരസ്യം നൽകിയിട്ടില്ല. |
| (സി) ആട്ടോകാസ്റ്റിൽ ജോലി ചെയ്തു വരുന്ന മേൽപ്പറഞ്ഞ തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാനും അവർക്ക് നിയമപരമായി അർഹതയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുവാനും നടപടി സ്വീകരിക്കുമോ? | (സി) താല്ക്കാലിക ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ ഇപ്പോൾ നല്കി വരുന്നുണ്ട്. ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ